ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ മുതലായ സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള പരിശീലനപരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. ഐ.എം.ജി., ഡിപ്പാർട്ട്മെന്റ് ഇൻ സർവ്വീസ് ട്രെയിനിംഗ് സ്ഥാപനങ്ങൾ പരിശീലനം നൽകുന്നുണ്ട്. സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ ജോലി തടസ്സം സൃഷ്ടിക്കുന്നവർക്കെതിരെ ശക്തമായ നിയമങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതുകൂടാതെ ഉദ്യോഗസ്ഥരുടെയും കുടുംബാംഗങ്ങളുടെയും സംരക്ഷണം ഉന്നംവച്ചുകൊണ്ടുള്ള 2013-ലെ കേരള ക്രിമിനൽ നിയമ ഭേദഗതി ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

(ബി) ഉയർന്ന തസ്തികകളിലേയ്ക്ക് നിയമനം നൽകുമ്പോൾ പി.എസ്.സി. മെമ്പർ, വകുപ്പ് സെക്രട്ടറി, വകുപ്പ് തലവൻ എന്നിവരടങ്ങുന്ന വിദഗ്ദസമിതി ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, അച്ചടക്ക നടപടികൾ എന്നിവ പരിശോധിച്ചാണ് സ്ഥാനക്കയറ്റം നൽകുന്നത്.

(സി) ഉദ്യോഗസ്ഥരുടെ മനഃപൂർവ്വമായ വീഴ്ചകൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കാറുണ്ട്. നിലവിൽ KCS & CCA റൂൾസ്, പി.സി. ആക്ട്, കോൺഡക്ട് റൂൾസ്, സെക്രട്ടേറിയറ്റ് മാന്വൽ മുതലായവ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ പര്യാപ്തമാണ്.

പ്രഖ്യാപിത പദ്ധതികളുടെ തുടർ ചെലവുകൾക്കുള്ള ബജറ്റ് തുക

25 (*175) ശ്രീ. ബി. സത്യൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾക്കും സ്കീമുകൾക്കും അടുത്ത വർഷങ്ങളിലെ തുടർ ചെലവുകൾ കൃത്യമായി കണക്കാക്കിയതിനുശേഷമാണോ അനുമതി നൽകുന്നത് എന്നറിയിക്കാമോ; 2015-16-ലെ ബജറ്റിൽ പ്രഖ്യാപിച്ച സാമ്പത്തിക ദൃഢീകരണ നടപടിയുടെ പശ്ചാത്തലത്തിൽ വിശദമാക്കാമോ;

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

നിലവിലുള്ള രീതിയനുസരിച്ച് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മാത്രമേ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കാറുള്ളൂ. ആയതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് ഭരണാനുമതി നല്കുന്നത്. സർക്കാർ പദ്ധതികൾക്കും സ്കീമുകൾക്കും അടുത്ത അഞ്ചു വർഷത്തെ ചെലവുകൾ കൃത്യമായി കണക്കാക്കിയ ശേഷം മാത്രം അനുമതി നൽകുന്ന "സാമ്പത്തിക ദൃഢീകരണ പദ്ധതി" പുരോഗമിച്ച് വരികയാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ മാത്രമേ ആയത് പ്രാവർത്തികമാവുകയുള്ളൂ.

സിവിൽ കേസ്സുകളിൽനിന്ന് പോലീസ് പിന്മാറണമെന്ന തീരുമാനം

26 (*176) ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ കേസ്സുകളിൽ നിന്ന് പോലീസ് പിന്മാറണമെന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) വസ്തുതർക്കം, അതിർത്തിത്തർക്കം തുടങ്ങിയ കേസ്സുകൾ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ പരാതി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; നിലവിൽ പോലീസിന്റെ പരിഗണനയിലുള്ള ഹർജികൾക്കും തീരുമാനം ബാധകമാണോ;

(സി) ഇത്തരം ആവശ്യങ്ങളിൽ അടിയന്തര പരിഹാരത്തിനും ഇടപെടലിനും ജനങ്ങൾ ആരെയാണ് സമീപിക്കേണ്ടത്; വിശദമാക്കാമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സിവിൽ സ്വഭാവത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടില്ല. എന്നാൽ സിവിൽ തർക്കങ്ങളിൽ സിവിൽ കോടതികളുടെ ഉത്തരവുകൾ ശ്രദ്ധിക്കാതെയുള്ള പോലീസിന്റെ ഇടപെടൽ ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള തർക്കം എത്രയും പെട്ടെന്ന് പരിഹരിക്കാത്തപക്ഷം ഒരു കൊഗ്നൈസിബിൾ കുറ്റമായി പരിണമിക്കുവാൻ സാധ്യതയുള്ള സാഹചര്യം ആരെങ്കിലും ശ്രദ്ധയിൽപ്പെടുത്തിയാൽ 2011-ലെ കേരള പോലീസ് നിയമം 63-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ മാത്രമെ സ്വീകരിക്കാവൂ എന്നും ഒരു പ്രത്യേക കോടതി നടപടിക്കുവേണ്ടിയോ കക്ഷികൾക്ക് പോലീസ് സംരക്ഷണം നൽകുന്നതിനുവേണ്ടിയോ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ സിവിൽ കോടതിയുടെയോ ഉത്തരവ് കിട്ടിയാൽ അത്തരം ഉത്തരവുകൾപാലിക്കാൻ പോലീസ് ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly